# Symposium on Chavara Excellence for Social Transformation

| | |
|---|---|
| Title: | Symposium on Chavara Excellence for Social Transformation |
| Date: | 15/12/2015 |
| Venue: | Main Auditorium |
| Focus of the Event: | Skill Development |
| Organizing Body: | College |
| Resource Person: | P. Sainath |
| Total Number of Attendees: | 258 |




*Event Report*

Sacred Heart College (Autonomous), Thevara, held the second edition of the 'Chavara Excellence for Social Transformation' symposium to commemorate the sainthood of St Kuriakose Elias Chavara on Tuesday. Celebrated journalist P Sainath, who is specialised in India's rural life delivered a lecture on 'Money, Power, Media and Democracy' at 10.30 am on Tuesday 15/12/2015. Sainath has won over 40 national and international accolades, including the Ramon Magsaysay Award in 2007, for journalism and literature. He was the first reporter to win Amnesty International's Global Human Rights Journalism Prize, in its inaugural year (2000). Also, he is the first Indian reporter to win the European Commission's Lorenzo National Prize for human rights journalism in 1995. The function was held in the college auditorium, and was

presided over by Ernakulam District Collector M G Rajamanickam. Hibi Eden MLA delivered the felicitation speech. The first edition of the lecture series was inaugurated by former Prime Minister Dr Manmohan Singh in 2014.



*Event Brochure*



INVITATION

'Chavara Excellence For Social Transformation'

Lecture Series 2015

IQAC

Topic

Media, Money Power & Democracy

10.30 AM, Tuesday, 15 December 2015

College Auditorium

The Sacred Heart College community cordially invites you to the second edition of the '**Chavara Excellence For Social Transformation' Lecture Series 2015**.

**Media, Money Power and Democracy**

**Sri. P. Sainath**

At 10.30 AM, Tuesday, 15 December 2015

Presided over by

**Sri. M.G. Rajamanickam IAS**

District Collector, Ernakulam

Felicitation

**Sri. Hibi Eden MLA**

Chavara Lecture Series 2014

**Dr. Manmohan Singh**

(Former Prime Minister of India)

P. Sainath, celebrated journalist specialized in the rural life of India, has won over 40 global and national accolades including the Ramon Magsaysay Award in 2007, for Journalism Literature. He was the first reporter in the world to win Amnesty International's *Global Human Rights Journalism Prize* in its inaugural year (2000). He was also the first Indian reporter to win the European Commission's *Lorenzo NataliPrize* for human rights journalism in 1995. Sainath's book *Everybody Loves a Good Drought* (1996) has remained a non-fiction bestseller by an Indian author for years and was declared a Penguin Classic in 2012.

Dr. J. Prasant CMI
Principal, Sacred Heart College

Dr. Jose Kuriedeth CMI
Manager, Sacred Heart College

*Additional Photos (Press Reports of the Event)*

നഗരം 2015 ഡിസംബർ 16 • ബുധനാഴ്ച — മാതൃഭൂമി




# സാമ്പത്തിക അസമത്വം വർധിക്കുന്നു – സായ്നാഥ്

## പാർലമെന്റ് ഭരിക്കുന്നത് കോടീശ്വരന്മാർ

**Lecture series at SH, Thevara:** The Sacred Heart College, Thevara, will host the second edition of 'Chavara Excellence for Social Transformation', a lecture series to commemorate the sainthood of St Chavara Kuriakose Elias. A lecture by P Sainath, journalist specialized in rural life of India, on 'Money, power, media and democracy' will be held at 10.30am on Tuesday.

ദേശാഭിമാനി CHN — www.deshabhimani.com

പൊതുവാർത്ത




ചാവറ പ്രഭാഷണ പരമ്പരയുടെ ഭാഗമായി തേവര എസ്എച്ച് കോളേജിൽ പ്രശസ്ത മാധ്യമപ്രവർത്തകൻ പി സായ്നാഥ് പ്രഭാഷണം നടത്തുന്നു

# കോളനിവാഴ്ചയിലെ അസമത്വത്തിലേക്ക് ഇന്ത്യ നീങ്ങുന്നു: സായ്നാഥ്

● സ്വന്തം ലേഖകൻ

## കുടുംബശ്രീക്ക് സമാനതയില്ല

*2015 December 16, Malayala Manorama, Page13*



തേവര എസ്എച്ച് കോളജിൽ നടന്ന ചാവറ പ്രഭാഷണ പരമ്പരയിൽ പത്രപ്രവർത്തകൻ പി. സായ്നാഥ് പ്രഭാഷണം നടത്തുന്നു.

# രാജ്യത്ത് സാമ്പത്തിക അസമത്വം വർധിച്ചു: പി. സായ്നാഥ്

കൊച്ചി • ഇന്ത്യയിൽ എല്ലാ മേഖലകളിലും സാമ്പത്തിക അസമത്വം വർധിച്ചുവരികയാണെന്നും സമസ്ത മേഖലകളും അതിസമ്പന്നരുടെ താൽപര്യങ്ങൾക്കു വഴങ്ങിക്കൊടുക്കുകയാണെന്നും പ്രമുഖ മാധ്യമപ്രവർത്തകൻ പി. സായ്നാഥ്.

ഇന്ത്യയിലെ ഒരു ശതമാനം വരുന്ന അതിസമ്പന്നരാണ് രാജ്യത്തിന്റെ വിഭവങ്ങളുടെ 49 ശതമാനവും കൈകാര്യം ചെയ്യുന്നതെന്ന് തേവര സേക്രഡ് ഹാർട്ട് കോളജ് സംഘടിപ്പിച്ച ചാവറ എക്സലൻസ് ഫോർ സോഷ്യൽ ട്രാൻസ്ഫോർമേഷൻസ് പ്രഭാഷണ പരമ്പരയിൽ അദ്ദേഹം പറഞ്ഞു.

പാർലമെന്റിലെ 80 ശതമാനത്തിലേറെ അംഗങ്ങളും കോടീശ്വരന്മാരാണെന്ന് അവരുടെ തന്നെ സത്യവാങ്മൂലത്തിൽ കാണുന്നു.

ഇന്ത്യയിലെ ആദിവാസിമേഖലയിലെ കുട്ടികൾ ഉച്ചഭക്ഷണത്തിനുവേണ്ടി മാത്രമാണ് സ്കൂളുകളെ ആശ്രയിക്കുന്നത്. അതേസമയം മെട്രോ നഗരങ്ങളിലെ അതിസമ്പന്നരുടെ മക്കൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ വിവിധ രാജ്യങ്ങളിലെ ഭക്ഷണങ്ങൾ വിളമ്പുന്നതിന് മൽസരം തന്നെ നടക്കുന്നു.


പ്രകൃതിക്ഷോഭങ്ങൾ ഉണ്ടാകുമ്പോൾ ദുരിതമനുഭവിക്കുന്നവരെ സഹായിക്കാൻ മൽസരിക്കുന്ന നമ്മൾ കർഷക ആത്മഹത്യ നടക്കുമ്പോഴോ സാധാരണക്കാരൻ കുടിയൊഴിപ്പിക്കപ്പെടുമ്പോഴോ പട്ടിണിമരണങ്ങൾ ഉണ്ടാകുമ്പോഴോ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല.

ഇന്ത്യയിൽ സ്ത്രീകളും ദലിത് വിഭാഗങ്ങളിൽ ഉൾപ്പെടുന്നവരും വിവിധ വിഷയങ്ങളിൽ അസമത്വം അനുഭവിക്കുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു.

കലക്ടർ എം.ജി. രാജമാണിക്യം അധ്യക്ഷനായിരുന്നു. കോളജ് പ്രിൻസിപ്പൽ റവ. ഡോ. പ്രശാന്ത് പാലയ്ക്കാപ്പിള്ളിൽ, സിഎംഐ സ്ഥാപനങ്ങളുടെ മാനേജർ ഫാ. ജോസ് കുറിയേടത്ത്, സ്റ്റാഫ് സെക്രട്ടറി സിബി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.

8 2015 ഡിസംബർ 16 ബുധൻ

പൊതുവിശേഷ



സാമൂഹിക പരിവർത്തനത്തിനായുള്ള മികവിന്റെ ചാവറ പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ധനം, മാധ്യമങ്ങൾ, ജനാധിപത്യം' എന്ന വിഷയം അവതരിപ്പിച്ച് തേവര സേക്രഡ് ഹാർട്ട് കോളജിൽ പ്രമുഖ മാധ്യമപ്രവർത്തകൻ പി. സായിനാഥ് സംസാരിക്കുന്നു.

# ഇന്ത്യയിൽ അസമത്വം അതിവേഗം വളരുന്നു: പി. സായിനാഥ്

സ്വന്തം ലേഖകൻ

കൊച്ചി: ഇന്ത്യയിൽ അസമത്വം അതിവേഗം വളരുന്നതായി പ്രമുഖ മാധ്യമപ്രവർത്തകൻ പി. സായിനാഥ് പറഞ്ഞു. അസമത്വത്തിന്റെ തോത് ലോകരാജ്യങ്ങളിൽ ഏറ്റവും കൂടുതൽ ഇന്ത്യയിലാണെന്ന് അദ്ദേഹം പറഞ്ഞു. തേവര സേക്രഡ് ഹാർട്ട് കോളജിൽ സാമൂഹിക പരിവർത്തനത്തിനായുള്ള മികവിന്റെ ചാവറ പ്രഭാഷണ പരമ്പരയുടെ ഭാഗമായി 'ധനം, മാധ്യമങ്ങൾ, ജനാധിപത്യം' എന്ന വിഷയം അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയിലെ രാഷ്ട്രീയക്കാർ പ്രതിനിധാനം ചെയ്യുന്നത് ജനാധിപത്യത്തെയാണോ എന്ന സംശയമാണ് നിലനിൽക്കുന്നത്. ഇന്ത്യയിലെ സാധാരണക്കാരന്റെ നിലയിൽ യാതൊരു മാറ്റവും കാലങ്ങളായി ജനാധിപത്യത്തിനു സംഭാവന ചെയ്യാൻ സാധിച്ചിട്ടില്ല. പ്രമുഖ രാഷ്ട്രീയ പാർട്ടികളിലെ നേതാക്കൾ തെരഞ്ഞെടുപ്പിൽ മത്സരിക്കുമ്പോൾ വെളിപ്പെടുത്തുന്ന സ്വത്ത് അവർ അധികാരത്തിൽ എത്തി നാളുകൾക്കകം വലിയ തോതിൽ വർധിക്കുന്നു.

കഴിഞ്ഞ യുപിഎ സർക്കാരിൽ കോടീശ്വരന്മാരല്ലാത്ത മന്ത്രിമാർ വളരെ ചുരുക്കമായിരുന്നു. സർക്കാർ തന്നെ പുറത്തിറക്കിയ സ്വത്തുവിവരങ്ങളിൽ ഞെട്ടിക്കുന്ന വർധനയാണ് ഭരണത്തിന്റെ അവസാന നാളുകളിൽ ഉണ്ടായത്. മോദി സർക്കാരിലും മന്ത്രിമാരിൽ ഏറിയ പങ്കും ശതകോടീശ്വരൻമാരാണ്. അതിവേഗം വളരുന്ന വ്യവസായമായി ഇന്ത്യൻ ജനാധിപത്യം മാറിയിരിക്കുന്നു. ഏറ്റവും കൂടുതൽ ദരിദ്രജനങ്ങളുള്ള രാജ്യത്ത് ജനസഭകളിൽ അവരെ പ്രതിനിധാനം ചെയ്യുന്നത് അതിസമ്പന്നരായ ഒരുകൂട്ടം രാഷ്ട്രീയക്കാരാണ്. അസമത്വവും അരാജകത്വവും വളരുന്നത് ഇന്ത്യൻ ജനാധിപത്യത്തിന്റെ നിലനിൽപ്പിനെ പോലും ചോദ്യം ചെയ്യുന്നതായി അദ്ദേഹം പറഞ്ഞു.

തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് അടിസ്ഥാന വിദ്യാഭ്യാസ യോഗ്യത വേണമെന്ന സുപ്രീം കോടതി വിധിയെ വിമർശിക്കുന്നതു ശരിയല്ല. വിധിയുടെ നന്മ തിരിച്ചറിയാത്തവരാണ് വിമർശനം ഉന്നയിക്കുന്നത്. മാധ്യമങ്ങൾ കൂടുതൽ ശ്രദ്ധയോടെ കാര്യങ്ങൾ തിരിച്ചറിഞ്ഞ് ജനങ്ങളിൽ എത്തിക്കണം. ജനാധിപത്യത്തിന്റെ ചാലകശക്തിയായി മാധ്യമങ്ങൾ മാറേണ്ട കാലം അതിക്രമിച്ചതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

കളക്ടർ എം.ജി. രാജമാണിക്യം അധ്യക്ഷത വഹിച്ചു. പ്രൻസിപ്പൽ റവ. ഡോ. ജെ. പ്രശാന്ത് പാലിയ്ക്കാപ്പിള്ളി സ്വാഗതം ആശംസിച്ചു. മാനേജർ റവ. ഡോ. ജോസ് കുറിയേടത്ത്, സ്റ്റാഫ് സെക്രട്ടറി സിബി ഏബ്രഹാം എന്നിവർ പ്രസംഗിച്ചു.